**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 702** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പീരുമേട് മണ്ഡലത്തിൽ പിന്നാക്ക ക്ഷേമ വകുപ്പ് പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സിറിയക് തോമസ് ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പീരുമേട് മണ്ഡലത്തിൽ 2021-2026 കാലഘട്ടത്തിൽ പിന്നാക്ക ക്ഷേമ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികളും അവയുടെ ഇപ്പോഴത്തെ പുരോഗതി വിവരവും അറിയിക്കുമോ?

**<u>മറുപടി:</u>** മണ്ഡലാടിസ്ഥാനത്തിലല്ല പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സംസ്ഥാന തലത്തിൽ നടപ്പിലാക്കി വരുന്ന ചുവടെ പറയുന്ന വിവിധ വായ്പാ പദ്ധതികൾ പീരുമേട് നിയോജക മണ്ഡലത്തിലും നടപ്പിലാക്കി വരുന്നു.

1. സ്വയം തൊഴിൽ വായ്പാ പദ്ധതി
2. പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പാ പദ്ധതി
3. വിദ്യാഭ്യാസ വായ്പാ പദ്ധതി
4. സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ പദ്ധതി
5. മൈക്രോ ഫിനാൻസ് പദ്ധതി
6. സുവർണശ്രീ വായ്പാ പദ്ധതി
7. വിവാഹ ധനസഹായ വായ്പ
8. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ
9. പ്രവർത്തന മൂലധന വായ്പ
10. വ്യക്തിഗത വായ്പാ പദ്ധതി
11. സ്വസ്ഥഗൃഹ വായ്പാ പദ്ധതി
12. വാഹന വായ്പാ പദ്ധതി
13. എന്റെ വീട് ഭവന നിർമ്മാണ വായ്പാ പദ്ധതി
14. വിദ്യശ്രീ വായ്പാ പദ്ധതി

15. ഗ്രീൻ വീൽ സ്വയം തൊഴിൽ വായ്പ്പാ പദ്ധതി

16. പുനർജനി സ്വയം തൊഴിൽ വായ്പ്പാ പദ്ധതി

17. വനിതാ ശാക്തീകരണം മുൻനിർത്തി പ്രിയദർശിനി വായ്പ്പ

18. വിരമിച്ചവർക്കായി ജീവൻധാര സീനിയർ സെക്യൂർ വായ്പ്പ

**സെക്ഷൻ ഓഫീസർ**